## സബ്മിഷൻ

### (1) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കുവേണ്ടി മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ മാറ്റം അടിയന്തിരമായി പിൻവലിക്കണം. കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് കഴിഞ്ഞ ഫെബ്രുവരി 5-ന് പുറപ്പെടുവിച്ച വിജ്ഞാപനം ജനദ്രോഹപരവും പാരിസ്ഥിതികവിരുദ്ധവുമാണ്. നാഷണൽ ബിൽഡിംഗ്സ് റൂൾസ് ഓഫ് ഇൻഡ്യയുടെ നഗ്നമായ ലംഘനം കൂടിയാണ്. വൻഅപകടങ്ങൾ ക്ഷണിച്ചുവരുത്തുന്ന ഭേദഗതികളാണ് വരുത്തിയിരിക്കുന്നത്. ചട്ടങ്ങൾ ലംഘിച്ച് പണിതിട്ടുള്ള ഫ്ളാറ്റുകൾക്കും മറ്റ് അനധികൃത കെട്ടിടങ്ങൾക്കും ലൈസൻസ് നൽകുന്നതിനാണ് നിയമവിരുദ്ധമായ ഈ നടപടികൾ. ചട്ടഭേദഗതിയുടെ പിന്നിൽ കോടിക്കണക്കിന് രൂപയുടെ കോഴയിടപാടാണ്. ഫ്ളാറ്റുകൾ നിർമ്മിക്കുമ്പോൾ നാലുഭാഗത്തും 5 മീറ്റർ ഒഴിവു സ്ഥലം വേണമെന്നത് നിർബന്ധമായിരുന്നു. കോട്ടയത്ത് തൊട്ടടുത്ത പ്ലോട്ടിലെ ഫ്ളാറ്റ് നിർമ്മാണത്തിനിടയിൽ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്ന് വീണ് രണ്ട് കന്യാസ്ത്രീകൾ മരിച്ച സംഭവമുണ്ടായി. ഈ സാഹചര്യത്തിലാണ് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ 5 മീറ്റർ എല്ലാ ഭാഗത്തും ഒഴിച്ചിടണമെന്ന് നിർബന്ധമാക്കിയത്. എന്നാൽ അത് മാറ്റിയാണ് ഒരു വശത്ത് മാത്രമേ 5 മീറ്റർ ഒഴിവാക്കേണ്ടതുള്ളൂ എന്ന മാറ്റം വരുത്തിയിരിക്കുന്നത്. നാഷണൽ ബിൽഡിംഗ്സ് റൂൾസ് പ്രകാരം നിലയുടെ എണ്ണം കൂടുന്നതനുസ

രിച്ച് ചുറ്റും വിടേണ്ട തുറസ്സായ സ്ഥലത്തിന്റെ വിസ്തീർണ്ണവും വർദ്ധിക്കുന്നു. പത്ത് നിലയാണെങ്കിൽ 10 മീറ്റർ തുറസ്സായ സ്ഥലം വേണം. എന്നാൽ ഇപ്പോൾ വരുത്തിയിരിക്കുന്ന ഭേദഗതിപ്രകാരം നില ഇരുപത്തിയഞ്ചാണെങ്കിലും ഒരു ഭാഗത്ത് 5 മീറ്റർ, ഒരു ഭാഗത്ത് 3 മീറ്റർ, പിറകിൽ 2 മീറ്റർ ഒരു വശത്ത് 1 മീറ്റർ എന്നിങ്ങനെ തുറസ്സായ സ്ഥലം വിട്ടാൽ മതി. ഇത് തികച്ചും അശാസ്ത്രീയവും അപകടകരവുമാണ്. ഫ്ളാറ്റുകളിലേയ്ക്കുള്ള റോഡിന്റെ വീതി സംബന്ധിച്ച നിബന്ധനയും കാലാനുസൃതമല്ല. ഒറ്റ വാഹനത്തിന് മാത്രം പോകാൻ കഴിയുന്ന ഇടുങ്ങിയ റോഡുകളിൽക്കൂടി ഫ്ളാറ്റ് സമുച്ചങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് അപകടകരമാണ്. തീപിടുത്തമോ മറ്റ് നാച്ചുറൽ കലാമിറ്റിയോ ഉണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് നാഷണൽ ബിൽഡിംഗ് കോഡിൽ ഇതുപ്രകാരം നിബന്ധനകൾ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതുകൊണ്ട് മുനിസിപ്പൽ കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഇപ്പോൾ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ ഉടൻ പിൻവലിക്കുകയും നാഷണൽ ബിൽഡിംഗ്സ് റൂളും കേരളത്തിലെ പ്രത്യേക സാഹചര്യവും പരിഗണിച്ച് പരിസ്ഥിതിസൗഹൃദപരമായ, അപകടങ്ങൾ ഒഴിവാക്കാൻ കരുതലോടുകൂടിയുള്ള നടപടി കെട്ടിട നിർമ്മാണച്ചട്ടത്തിൽ വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി)</u> : സർ, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ട് മുൻ സർക്കാർ 16-2-2009-ൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. നിർമ്മാണ മേഖലയുമായി ബന്ധ

പ്പെട്ടവരുമായോ വിദഗ്ദ്ധരുമായോ ശരിയായ രീതിയിൽ ആലോചിക്കാതെ പുറപ്പെടുവിച്ച ഈ ഭേദഗതി വ്യാപകമായ പരാതികൾക്കിടയാക്കി. ഇതേത്തുടർന്ന് പ്രസ്തുത ചട്ടങ്ങളിൽ 2010-ൽ നിരവധി ഭേദഗതികൾ വരുത്തിയശേഷവും പരാതികൾ കുറഞ്ഞില്ലെന്നുമാത്രമല്ല വിഷയം കൂടുതൽ സങ്കീർണ്ണമാകുകയും ചെയ്തു. കെട്ടിട നിർമ്മാണ വ്യവസ്ഥകൾ കൂടുതൽ കർക്കശമായതോടെ നിർമ്മാണ മേഖല സ്തംഭിച്ച സാഹചര്യമുണ്ടായി. പ്രവാസികൾ ഉൾപ്പെടെയുള്ളവരുടെ ഈ മേഖലയിലെ നിക്ഷേപം ഗണ്യമായി കുറഞ്ഞു. ഫ്ളാറ്റുകളുടെയും വീടുകളുടെയും നിർമ്മാണത്തിലുണ്ടായ വൻകുറവ് തൊഴിലവസരങ്ങൾ കുറച്ചു. നിർമ്മാണ മേഖലയിലെ മാന്ദ്യം കുറഞ്ഞ കാലംകൊണ്ട് ഫ്ളാറ്റുകളുടെ വില കുത്തനെ കുതിച്ചുയരാൻ ഇടയാക്കി. സാധാരണക്കാരന് താങ്ങാനാവാത്ത സ്ഥിതിവിശേഷമാണ് ഇതുമൂലമുണ്ടായത്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പെർമിറ്റ് ഫീ ഇനത്തിലും വസ്തു നികുതിയിനത്തിലും ലഭിക്കേണ്ട തുകയിൽ കാര്യമായ കുറവ് വരികയും ഇത് വികസന പ്രക്രിയയെ ബാധിക്കുകയും ചെയ്തു. ഫ്ളാറ്റുകളുടെ നിർമ്മാണത്തിൽ കുറവ് വന്നതുമൂലം കേന്ദ്രീകൃതമായ ജനവാസം കുറഞ്ഞു. കെട്ടിട നിർമ്മാതാക്കൾ വില്ലകളുടെ നിർമ്മാണത്തിനായി ഗ്രാമങ്ങൾ തെരഞ്ഞെടുക്കുകയും തൻമൂലം പ്രകൃതിദത്തമായ കുന്നുകൾ അനധികൃതമായി നിരത്തുന്നതിനും ജലസ്രോതസുകളും കൃഷിഭൂമികളും നികത്തുന്നതിനും ഇത് വഴിയൊരുക്കുകയും ചെയ്തു. 2009-ലെയും 2010-ലെയും ഭേദഗതി ചട്ടങ്ങളിലെ ഗുണപരമായ വ്യവസ്ഥകൾ നിലനിർത്തിയും അനാവശ്യവും സങ്കീർണ്ണവുമായ ചില വ്യവസ്ഥകൾ ഒഴിവാക്കിയുമാണ് ഇപ്പോൾ ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുള്ളത്. ദുർബ്ബല വിഭാഗങ്ങൾക്കുള്ള

ഭവന പദ്ധതികൾക്ക് കൂടുതൽ എഫ്.എ.ആർ. (ഫ്ളോർ എരിയാ റേഷ്യോ) അനുവദിച്ചും പൊതുആവശ്യത്തിന് ഭൂമി നൽകുന്നവർക്ക് ഇളവുകൾ നൽകുവാൻ വ്യവസ്ഥ ചെയ്തും കൂടിയ എഫ്.എ.ആർ.-ന് 500-ൽ നിന്ന് 3000 രൂപ വസൂലാക്കിയും പാർക്കിംഗ് സ്ഥലം കൂട്ടിയുമാണ് പുതിയ ഭേദഗതികൾ വരുത്തിയിട്ടുള്ളത്. സേഫ്റ്റി, സെക്യൂരിറ്റി എന്നിവയിൽ വിട്ടുവീഴ്ചയില്ലാതെയും പാർക്കിംഗ് സൗകര്യം വർദ്ധിപ്പിച്ചും വരുത്തിയ ഭേദഗതികൾ മൂലം കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഏറെ സുതാര്യമാകുകയും സാധാരണക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ ഭേദഗതിയിലൂടെ അപകടകരമായ ഒരു സ്ഥിതിവിശേഷവും ഉണ്ടായിട്ടില്ല. ഇനി പ്രത്യേകമായി എന്തെങ്കിലും കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അത് ഇതിനായി രൂപം നൽകിയിട്ടുള്ള മന്ത്രിസഭ ഉപസമിതിയിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ ശ്രമിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : കോട്ടയത്തുനടന്ന അപകടം അവിടെ വഴി വേണ്ടതുപോലെ ഇല്ലാതെ കെട്ടിടം കെട്ടിയതുകൊണ്ടാണ്. ഇനിയും ഇതുപോലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കണമെന്ന ഉദ്ദേശത്തോടുകൂടി മാത്രമാണ് ഈ സബ്മിഷൻ ഞാൻ കൊണ്ടുവന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി : കെട്ടിടങ്ങൾക്ക് ചുറ്റുപാടും വിടേണ്ട സ്ഥലത്തെക്കുറിച്ചാണ് പ്രതിപക്ഷനേതാവ് പറയുന്നത്. വലിയ ബിൽഡിംഗിന് ഇപ്പോൾത്തന്നെ അഞ്ചു മീറ്റർ സ്ഥലത്തിൽ കൂടുതൽ വരും. കാരണം അതു സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. ഇത് രണ്ട് ഭാഗം, ഫ്രണ്ടും ഒരു സൈഡും അഞ്ച് മീറ്റർ ഒഴിവാക്കണമെന്നാണ്. സ്വാഭാവികമായും വലിയ ബിൽഡിംഗ് ആകുമ്പോൾ അതിനേക്കാൾ കൂടു

തൽ വരും. ടോട്ടൽ ഏരിയയുടെ ഒക്ക്യുപ്പെൻസിയിൽ ഇപ്പോഴും മാറ്റങ്ങ ളൊന്നും വരുത്തിയിട്ടില്ല. ഇനി എന്തെങ്കിലുമുണ്ടെങ്കിൽ പരിശോധിക്കാവുന്ന താണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുതി തരികയാണെങ്കിൽ ഒരു സംശയവുമില്ല അത് പരിഹരിക്കാവുന്നതാണ്.

**വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വിനിയോഗിക്കൽ**

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ ഗുരുതരമായ പ്രശ്നം സഭയു ടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2012-2013 വർഷത്തെ ബഡ്ജറ്റിൽ പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനുവേണ്ടി മാറ്റിവച്ച സംഖ്യ യിൽ വളരെ ചുരുങ്ങിയ സംഖ്യ മാത്രമാണ് ഈ സാമ്പത്തികവർഷം അവ സാനിക്കുന്ന ഈ സന്ദർഭത്തിൽ ചെലവഴിച്ചിട്ടുള്ളത്. അടുത്ത ദിവസം ബഹു മാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മന്ത്രിയും എം.എൽ.എ. മാരും ഉൾപ്പെടെയുള്ള ഒരു റിവ്യൂ കമ്മിറ്റി കൂടുകയുണ്ടായി. ആ റിവ്യൂ കമ്മിറ്റിയിൽ കണ്ടത് പട്ടികജാതിക്കാർ ക്കുവേണ്ടി ത്രിതലപഞ്ചായത്തുകൾക്ക് മാറ്റിവച്ച സംഖ്യയിൽ കേവലം 18 ശതമാനവും പട്ടികവർഗ്ഗവിഭാഗങ്ങൾക്കുവേണ്ടി മാറ്റിവച്ച സംഖ്യയിൽ 24 ശതമാനവുമാണ് ചെലവഴിച്ചിരിക്കുന്നത് എന്നാണ്. ഇപ്പോൾ പരിശോധിക്കു മ്പോൾ 26 ശതമാനവും 31 ശതമാനവുമായി വർദ്ധിച്ചിട്ടുണ്ട്. ഈ സാമ്പത്തി കവർഷം അവസാനിക്കാൻ ഇനി ഏതാനും ദിവസങ്ങൾമാത്രമാണ് അവശേ ഷിക്കുന്നത്. ഈ സാമ്പത്തികവർഷം അവസാനിക്കാറായിട്ടും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി മാറ്റിവച്ച സംഖ്യ ഫലപ്രദമായി വിനിയോ ഗിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ

നാനാതരത്തിലുള്ള ദുരിതങ്ങൾ സഹിച്ചാണ് ജീവിക്കുന്നത്. ഒട്ടേറെ പ്രശ ന്ങ്ങളുമുണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി മാറ്റി വച്ച സംഖ്യ ചെലവഴിക്കാതിരിക്കുന്ന സ്ഥിതി അത്യന്തം ഗൗരവത്തോടുകൂടി കാണാൻവേണ്ടി കഴിയണം. അതോടൊപ്പം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺ മെന്റിന്റെ കാലത്ത് ഒരു നയം സ്വീകരിച്ചിരുന്നു. വകമാറ്റി ചെലവഴിക്കു കയോ അതോടൊപ്പംതന്നെ ചെലവഴിക്കാതിരിക്കുകയോ ചെയ്തുകഴിഞ്ഞാൽ അടുത്ത സാമ്പത്തികവർഷത്തെ ജനറൽ ഫണ്ടിൽ നിന്നും ആ ഫണ്ട് പരിഹാ രത്തുകയായി വയ്ക്കണം എന്നുള്ള നിബന്ധനയുണ്ടായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എ.കെ. ബാലൻ മന്ത്രിയായി രുന്ന സന്ദർഭത്തിലാണ് അത്തരം ഒരു നിബന്ധന കൂട്ടിച്ചേർത്തത്. അതു കൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് ലാപ്സായി പോകുന്ന അവസ്ഥ ഉണ്ടാകുകയില്ലായിരുന്നു. എന്നാൽ ആ പരിഹാരത്തുക മാറ്റിവയ്ക്കണമെന്നുള്ള നിബന്ധന ഈ ഗവൺമെന്റ് എടുത്തുകളഞ്ഞിരിക്കു കയാണ്. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കേണ്ട ഭീമമായ സംഖ്യ ലാപ്സായി പോകുന്ന സ്ഥിതിയിലേയ്ക്ക് പോകുകയാണ്. ഇങ്ങനെ ലാപ്സാക്കി കള യുന്ന ഈ നയത്തിനെതിരായി അതിശക്തമായിട്ടുള്ള പ്രക്ഷോഭം നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവരികയാണ്. അതിന്റെ ഭാഗമായി പട്ടികജാതി/പട്ടിക വർഗ്ഗ ഫണ്ട് ഫലപ്രദമായി ചെലവഴിക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് പട്ടികജാതി ക്ഷേമ സമിതി ഇന്ന് നമ്മുടെ സംസ്ഥാ നത്തിലെ എല്ലാ കളക്ടറേറ്റിലേയ്ക്കും മാർച്ച് നടത്തുകയാണ്. അതുപോലെ തലസ്ഥാനത്തും പട്ടികജാതി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഇന്ന് നിയ മസഭയിലേയ്ക്ക് മാർച്ച് നടത്തുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗ

ങ്ങളുടെ ക്ഷേമത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന സംഖ്യ, അത് ഫലപ്രദമായി ചെലവഴിച്ചില്ലെങ്കിൽ അതിശക്തമായിട്ടുള്ള പോരാട്ടം അല്ലെങ്കിൽ സമരം പട്ടികജാതി ക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ നമ്മുടെ സംസ്ഥാനത്ത് വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി 13 ജില്ലകളിലും ഇന്ന് ജില്ലാ കളക്ടറേറ്റിലേയ്ക്കും അസംബ്ലിയിലേയ്ക്കും മാർച്ച് നടത്തുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ സത്വരമായി ഇടപെട്ടുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന സംഖ്യ അതാത് സമയങ്ങളിൽത്തന്നെ ചെലവഴിക്കാനുള്ള നിലപാടുകൾ സ്വീകരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരുപാട് പ്രയാസവും ദുരിതവും സഹിക്കുന്ന ജനവിഭാഗത്തിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മാറ്റിവയ്ക്കുന്ന സംഖ്യ, ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി മാറ്റി വയ്ക്കുന്ന സംഖ്യ അത് ഫലപ്രദമായി ചെലവഴിക്കാൻ തയ്യാറാകണം. തയ്യാറായില്ലെങ്കിൽ അതിശക്തമായിട്ടുള്ള പ്രക്ഷോഭം ഉയർന്നുവരും എന്നാണ് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. തീർച്ചയായിട്ടും ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും പട്ടികജാതിക്ഷേമ വകുപ്പുമന്ത്രിയും പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയും തയ്യാറാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി നോക്കിക്കാണുന്ന കാര്യമാണ്. പട്ടികജാതി ക്ഷേമവകുപ്പിന്റെ കാര്യത്തിൽ ഗവൺമെന്റിന്

ലഭിച്ചിട്ടുള്ള ഫണ്ടിൽ ഏതാണ്ട് 76 ശതമാനം പട്ടികജാതി വകുപ്പ് കഴിഞ്ഞ ഫെബ്രുവരി 28-നകം ചെലവഴിച്ചു കഴിഞ്ഞു. ഈ മാർച്ച് ആകുമ്പോൾ അത് 100 ശതമാനത്തിലെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ പട്ടികവർഗ്ഗ വകുപ്പിനകത്ത് ഏതാണ്ട് 74.66 ശതമാനം ഫെബ്രുവരി 28-നകം ചെലവഴിച്ചു കഴിഞ്ഞു. അതിലും വളരെയധികം പുരോഗതി ഒരു മാസക്കാലം കൊണ്ടുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട കാര്യമാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. സ്വാഭാവികമായും മുൻകാലങ്ങളിലും ഈ ഒരവസ്ഥ നിലനിൽക്കുകയാണ്. പൊതുവായി ചർച്ച ചെയ്ത് പരിഹാരം കാണേണ്ട കാര്യമാണിത്. പഞ്ചായത്തുകളോ ബ്ലോക്ക് പഞ്ചായത്തുകളോ നഗരസഭകളോ ആയാലും ഈ ഫണ്ട് വേണ്ടത്ര വിനിയോഗിക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, ഇത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗതടസ്സങ്ങളും അവരുടെതായ കാരണങ്ങളും അവർ പറയുന്നുണ്ട്. അത്തരം കാര്യങ്ങൾ ഒരുമിച്ച് ചർച്ച ചെയ്ത് പരിഹരിക്കേണ്ട കാര്യമാണ്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ 152 ബ്ലോക്ക് പഞ്ചായത്തുകൾ ഈ ഫെബ്രുവരി വരെ ഏതാണ്ട് 60 ശതമാനത്തോളം തുക ചെലവഴിച്ചിട്ടുണ്ട്. പക്ഷേ, ഗ്രാമപഞ്ചായത്തുകൾ ആ രീതിയിൽ വന്നിട്ടില്ല. ലഭിച്ച തുകയും ചെലവഴിച്ച തുകയുമായി ബന്ധപ്പെടുത്തി നോക്കുകയാണെങ്കിൽ 28.53 ശതമാനമാണ് പട്ടികജാതി ഫണ്ട് പഞ്ചായത്തുകളിൽ ചെലവഴിച്ചിട്ടുള്ളത്. അതുപോലെ ട്രൈബ്സിന്റെ കാര്യത്തിലാണെങ്കിൽ 32.62 ശതമാനം ഫണ്ടാണ് ചെലവഴിച്ചിട്ടുള്ളത്. ഇവിടെ ഒരു കുറവ് കാണുന്നുണ്ട്. പക്ഷേ, ഗ്രാമ പഞ്ചായത്തുകളുടെ പശ്ചാത്തലമേഖലയിലെ ചെലവുകൾ സാധാരണ രീതിയിൽ സാമ്പ

ത്തിക വർഷത്തിന്റെ അവസാന സമയത്താണ് ചെലവഴിക്കപ്പെടുന്നത് എന്ന് നമുക്കറിയാം. എന്നിരുന്നാൽപ്പോലും മാർച്ച് മാസം എല്ലാംകൂടി ചെലവഴിക്കുമ്പോൾ ഉദ്ദേശ്യലക്ഷ്യങ്ങളിലേയ്ക്ക് കാര്യങ്ങൾ വരില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എങ്കിൽപ്പോലും പരമാവധി ഈ മാർച്ച് മാസത്തിൽ ചെലവഴിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതിലേറെ പ്രയാസകരമായിട്ടുള്ള കാര്യം മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഫണ്ട് വിനിയോഗം തീരെയില്ലാത്ത ഒരു സാഹചര്യമാണുണ്ടായിട്ടുള്ളത്. കുറഞ്ഞ ഫണ്ടാണ് അവിടെ ചെലവഴിച്ചിട്ടുള്ളത്. സ്വാഭാവികമായും ഈ വർഷം പദ്ധതി തുടങ്ങുന്നതിന് വൈകിയതുകൊണ്ടുള്ള ഒരു കാലതാമസം ഉണ്ടെങ്കിൽപ്പോലും ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമൊക്കെ കഴിഞ്ഞ കുറെ വർഷങ്ങളായി ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ വേണ്ടത്ര തൃപ്തിവരുന്ന അല്ലെങ്കിൽ 100 ശതമാനം എത്തുന്ന സാഹചര്യമല്ല കാണുന്നത്. അത് എന്തുകൊണ്ട് എന്നുള്ളത് ഒരു ചോദ്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിതന്നെ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മുനിസിപ്പൽ ചെയർമാരുടെയും മീറ്റിംഗുകളിൽ വച്ച് എത്രയും പെട്ടെന്ന് ഫണ്ട് ചെലവഴിക്കണമെന്ന് പല പ്രാവശ്യം നിർദ്ദേശം നൽകുകയുണ്ടായി. ഗവൺമെന്റ് അത്തരം കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി കണ്ടുകൊണ്ടുതന്നെ ഈ ഫണ്ട് ലഭ്യമാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാധാരണക്കാരായ ജനങ്ങൾക്ക് പൂർണ്ണമായും അതവരുടെ കൈകളിലെത്തിക്കുന്നതിനുവേണ്ടിയുമുള്ള ശക്തമായ നിലപാട് ഗവൺമെന്റ് എടുക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

**<u>വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വിനിയോഗിക്കൽ</u>**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ.മുനീർ): സർ, എസ്.സി.പി/റ്റി.എസ്.പി ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിലുണ്ടായിരുന്ന പ്രശ്നങ്ങൾ ഇപ്പോഴും തുടരുകയാണ്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ-മാരെ വിളിച്ച് ചർച്ച നടത്തി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ അതാത് മണ്ഡലങ്ങളിലെ എം.എൽ.എ-മാർകൂടി ഇക്കാര്യം വിലയിരുത്തണമെന്നുള്ള ഒരു ഉത്തര വിറക്കിക്കഴിഞ്ഞു. ശ്രീ. എ.കെ. ബാലൻ ഉൾപ്പെടെയുള്ളവരുമായി ഡിസ്ക്കസ് ചെയ്തതിന്റെ ഭാഗമായി അടുത്ത വർഷത്തേക്ക് അപ്ലോഡ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. എസ്.സിപി /റ്റി.എസ്.പി ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നത് മൂന്നുമാസത്തിലൊരിക്കൽ മോണിട്ടർ ചെയ്യാൻവേണ്ടി ഈ സംവിധാനം തുടരുന്നതാണ്. ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്ക് ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല. കാരണം പല പൊതുമരാമത്ത് വർക്കുകളുടെയും ബില്ലുകൾ വന്നുകൊണ്ടിരിക്കുന്നതുകൊണ്ട് ഏപ്രിൽ രണ്ട്, മൂന്ന് തീയതികളിൽ നോക്കിയാലേ കറക്റ്റ് എക്സ്പെൻഡിച്ചർ ലഭിക്കു കയുള്ളൂ. ഏതായാലും ഈ ഫണ്ട് ഒരുതരത്തിലും ലാപ്സായിപ്പോകാതിരി ക്കാൻ ക്യാരിഓവർ ചെയ്ത് അടുത്ത വർഷത്തിൽ ഈ പണം പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടിയെടുക്കാം. ശ്രീ. എ.കെ. ബാലനും മറ്റും മീറ്റിംഗിൽ പ്രകടിപ്പിച്ച വികാരം ഉൾക്കൊണ്ടുകൊണ്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഒരു ഡിസിഷൻകൂടി എടുക്കാം.

ശ്രീ. എ.കെ. ബാലൻ: സർ, ചില വകുപ്പുകൾ ഒന്നും ചെലവാക്കി യിട്ടില്ല. ഗ്രാമ വികസന വകുപ്പ് 33 ശതമാനമാണ് ചെലവഴിച്ചത്. പി.ഡബ്ല്യൂ.ഡി 48% ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത

പദ്ധതികളൊന്നും ചെലവഴിച്ചിട്ടില്ല. മറ്റ് വകുപ്പുകളോടൊപ്പം ഈ വകുപ്പുകളും വളരെ മോശം പെർഫോമൻസാണ് നടത്തിയിട്ടുള്ളത്. അടുത്ത വർഷം എം.എൽ.എ-മാരെ ഉൾപ്പെടുത്തി പഞ്ചായത്തടിസ്ഥാനത്തിൽ റിവ്യൂ നടത്തിയാൽ കുറച്ച് മാറ്റം വരുത്താൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷെ ആരംഭത്തിൽതന്നെ ഞങ്ങൾ ഈ പ്രശ്നം ചൂണ്ടിക്കാണിച്ചതാണ്.

ഡോ. എം.കെ. മുനീർ: സർ, ഈ വിഷയം പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവകുപ്പു മന്ത്രിയോട് പറഞ്ഞിരുന്നു. അടുത്ത വർഷം മുതൽ നമുക്ക് ഏതൊക്കെ വകുപ്പുകളുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങൾ വരുന്നോ, ആ വകുപ്പുകളുടെയൊക്കെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് എല്ലാ വകുപ്പുകളിലും ഈ ഫണ്ടുകൾ വിനിയോഗിക്കുന്നതിനെക്കുറിച്ചുകൂടി ഒരു ഡിസ്ക്കഷൻ വേണം. ബാക്കി വരുന്ന തുക അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യാം. ഏപ്രിൽ മുതൽ പ്രോജക്ട് തുടങ്ങാൻ കഴിയും.

## കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷൻ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കൊണ്ടോട്ടി കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ആരംഭിക്കണമെന്ന കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഇപ്പോൾ കൊണ്ടോട്ടിയടക്കമുള്ള 15 ഇലക്ട്രിക്കൽ സെക്ഷനുകൾ ചേർന്നതാണ് മഞ്ചേരി ഡിവിഷൻ. ഇവിടെ ഉപഭോക്താക്കളുടെ വർദ്ധനവുകാരണം വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. രണ്ടര ലക്ഷത്തിലധികം ഉപഭോക്താക്കൾ മഞ്ചേരി ഡിവിഷന്റെ കീഴിലുണ്ട്. 15 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ പലതിലും ഇരു

പതിനായിലത്തിധികം ഉപഭോക്താക്കളുണ്ട്. എന്റെ മണ്ഡലത്തിലെ വാഴയൂർ പഞ്ചായത്തിലെ കാരാട് ഇലക്ട്രിക്കൽ ഓഫീസിൽനിന്ന് മഞ്ചേരി ഡിവിഷനിലേക്ക് 40 കി.മീ. ദൂരമുണ്ട്. ഒരു ഡിവിഷന് താങ്ങാവുന്നതിലധികം ദൂരപരിധിയും ഉപഭോക്താക്കളും ട്രാൻഫോമറുകളും 11 കെ.വി. ലൈനുകളുമാണ് മഞ്ചേരി ഡിവിഷനിലുള്ളത്. ഇക്കാരണങ്ങളാൽ മഞ്ചേരി ഡിവിഷൻ വിഭജിക്കണമെന്ന ആവശ്യം ശക്തമാണ്. പുതിയ ഡിവിഷൻ രൂപീകരണത്തിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുടെ പ്രത്യേക താത്പര്യം ഉണ്ടെങ്കിലും മഞ്ചേരി ഡിവിഷൻ വിഭജിച്ച് കൊണ്ടോട്ടി കേന്ദ്രമാക്കി പുതിയൊരു ഡിവിഷൻ രൂപീകരിക്കണമെന്ന ആവശ്യം ഇതുവരെ പരിഗണിച്ചിട്ടില്ല. കെ.എസ്.ഇ.ബി.-യും പുതിയ ഡിവിഷനുവേണ്ടി ശുപാർശ ചെയ്തിട്ടുണ്ട് എന്നാണറിയുന്നത്. അതുകൊണ്ട് കെ.എസ്.ഇ.ബി.-ക്കും ജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമാകുന്ന മഞ്ചേരി ഡിവിഷൻ വിഭജനം ഉടനെ പ്രാബല്യത്തിൽ വരുത്തണമെന്നും കൊണ്ടോട്ടി കേന്ദ്രമാക്കി പുതിയൊരു ഇലക്ട്രിക്കൽ ഡിവിഷൻ ആരംഭിക്കണമെന്നും ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

**കൊണ്ടോട്ടി ഇലക്ട്രിക്കൽ ഡിവിഷൻ**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സ്റ്റാറ്റിസ്റ്റിക്സ് കറക്ടാണ്, ഇത് പരിശോധിച്ചിട്ടുണ്ട്. അവിടെ ഒരു ഡിവിഷൻ തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണ്. എന്നാലും ഇത് വളരെ

അത്യാവശ്യമായ കാര്യമായതുകൊണ്ട് കേരളത്തിൽ ഇനി പുതിയ ഡിവിഷൻ അനുവദിക്കുമ്പോൾ ആദ്യത്തെ ഡിവിഷൻ കൊണ്ടോട്ടിയിലായിരിക്കും അനുവദിക്കുന്നത്. അത് പരാമവധി വേഗത്തിൽ ചെയ്യാനുള്ള എല്ലാ ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്. എത്ര സാമ്പത്തിക പ്രയാസമുണ്ടെങ്കിലും സംസ്ഥാനത്ത് പുതിയ ഡിവിഷൻ രൂപീകരിക്കുമ്പോൾ ഉണ്ടാകുന്ന ആദ്യത്തെ ഡിവിഷൻ ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയുടെ മണ്ഡലമായ കൊണ്ടൊട്ടിയിലായിരിക്കും എന്ന് ഞാൻ ഉറപ്പ് പറയുന്നു.

**കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ**

ശ്രീ. എം. ഉമ്മർ: സർ, നമ്മുടെ സംസ്ഥാനത്തുടനീളം രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. കുടിവെളപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വരൾച്ചാ ദുരിതാശ്വാസ നിധിയിൽനിന്ന് ചെറുകിട പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ പഞ്ചായത്തിന്റേയും തദ്ദേശ ഭരണസ്ഥാപനങ്ങളുടേയും ചെറുകിട കുടിവെള്ള പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടെങ്കിലും പലതും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ്, ഔട്ടർ പ്രയോറിറ്റിയിൽ കൊടുക്കാൻ കഴിയാതെ വരികയാണ്. അതുകൊണ്ട്, വൈദ്യുതി മേഖലയിൽ പ്രതിസന്ധിയുണ്ടെങ്കിലും അതിനെ മറികടന്നുകൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്, ചെറുകിട കുടിവെള്ള പദ്ധതികൾക്ക് എത്രയുംവേഗം വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കേരള ഇലക്ട്രിക് സപ്ലൈ കോഡിലെ 8-ാം വകുപ്പനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റും ഇലക്ട്രിസിറ്റി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള സംഖ്യയും അടച്ച ആളുകൾക്കെല്ലാം വേഗത്തിൽ കണക്ഷൻ നൽകുന്നുണ്ട്. ഇപ്പോൾ ഒന്നും പെൻഡിംഗിലുള്ളതായി എന്റെ അറിവിലില്ല. ഈ പറഞ്ഞ ഫോർമാലിറ്റീസ് മുഴുവൻ പൂർത്തീകരിച്ച അപേക്ഷകൾ പെൻഡിംഗായതിനെക്കുറിച്ച് എനിക്ക് വിവരം ലഭിച്ചിട്ടില്ല. അങ്ങനെ എന്തെങ്കിലും പെൻഡിംഗിലുണ്ടെങ്കിൽ ഉടനെ കണക്ഷൻ നൽകാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

**പട്ടയം നൽകൽ**

ശ്രീ. കെ. രാജു: സർ, 1980-1984 കാലയളവിൽ കല്ലട പദ്ധതിയുടെ ഭാഗമായി തെന്മല ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ക്യാച്മെന്റ് ഏരിയയിൽനിന്നും ഏതാണ്ട് 450-ഓളം കുടുംബങ്ങളെ ഒഴിപ്പിച്ച് സർക്കാർ ഉണ്ടാക്കിയ കരാർ പ്രകാരം കുളത്തൂപ്പുഴ പഞ്ചായത്തിലെ സാംനഗർ എന്ന സ്ഥലത്തേക്ക് മാറ്റിപ്പാർപ്പിക്കുകയുണ്ടായി. ഒരാൾക്ക് 12 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി ഗവൺമെന്റ് അളന്ന് തിരിച്ചുകൊടുത്തിരുന്നു. ഭൂമിക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്. അവരവിടെ വീട് വച്ചു. അവർക്ക് റേഷൻ കാർഡും വൈദ്യുതി കണക്ഷനും ലഭിച്ചിട്ടുണ്ട്, വോട്ടേഴ്സ് ലിസ്റ്റിൽ പേരും ചേർത്തു. കഴിഞ്ഞ 32 വർഷക്കാലമായി ഈ രീതിയിൽ കഴിഞ്ഞുവരുന്ന ഇവരുടെ ഭൂമിക്ക് ഇതുവരെ പട്ടയം കൊടുത്തിട്ടില്ല. സർക്കാർ ഒരു പൊതു

ആവശ്യത്തിനുവേണ്ടി ഒഴിപ്പിച്ച് ഒരു ഭാഗത്ത് കൊണ്ടുപോയി താമസിപ്പിച്ച വരാണിവർ. വനഭൂമിയായിരുന്ന ഭാഗം വെട്ടിയൊഴിപ്പിച്ചാണ് ഇവരെ പാർപ്പിച്ചത്. അന്ന് അവരുടെ കൈവശമുണ്ടായിരുന്ന സ്ഥലം ഇപ്പോൾ വനം വകുപ്പിന്റെ അധീനതയിലാണുള്ളത്. പകരം സ്ഥലം വനംവകുപ്പിന് ലഭിച്ചിട്ടുണ്ട്. അതുകൂടി കണക്കിലെടുത്ത് ഇവരുടെ ഇപ്പോഴുള്ള ഭൂമിക്കുപകരം വേറെ സർക്കാർഭൂമി കൊടുക്കാതെതന്നെ വനംവകുപ്പിൽ നിന്നും ക്ലിയറൻസ് വാങ്ങി ഇവർക്ക് പട്ടയം നൽകാവുന്നതാണ്. അതിനുള്ള നടപടിക്രമങ്ങൾ ഒരു പരിധിവരെ നടന്നതുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തുമെല്ലാം കുറച്ച് നടപടികൾ നടന്നി ട്ടുണ്ട്. ബാക്കി നടപടികളുംകൂടി പൂർത്തീകരിച്ച് ഇവർക്ക് പട്ടയം കൊടുക്കാൻ കഴിയണം. വനം വകുപ്പിൽനിന്നും ആവശ്യമായ ക്ലിയറൻസ് വാങ്ങണം. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഇവരുടെ ഈ പ്രശ്നത്തിന് പരിഹാരം കാണണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## പട്ടയം നൽകൽ

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കൊല്ലം ജില്ലയിൽ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശത്തുനിന്ന് കുടിയൊഴിപ്പിച്ച് സാംനഗർ പ്രദേശത്ത് പുനരധിവസിപ്പിച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ അഫോർസ്റ്റേഷൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ചിരുന്നു. നെറ്റ് പ്രസന്റ് വാല്യു അല്ലെങ്കിൽ അഡീഷണൽ നെറ്റ് പ്രസന്റ് വാല്യു

എന്നിവ അടയ്ക്കേണ്ടതായി വന്നാൽ ആയത് അടച്ചുകൊള്ളാമെന്ന് ഒരു അണ്ടർടേക്കിംഗ് യൂസർ ഏജൻസിയായ പത്തനാപുരം തഹസിൽദാർ പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കണമെന്നുകാണിച്ച് പ്രൊപ്പോസൽ മടക്കിയിട്ടുള്ളതാണ്. എന്നാൽ അടയ്ക്കേണ്ടതായ തുക എത്രയാണെന്ന് വനംവകുപ്പിൽ നിന്ന് അറിയിച്ചിട്ടില്ല. പ്രസ്തുത വനഭൂമിക്കുപകരം ഇ.എഫ്. എൽ. ആക്കി മാറ്റിയ ഭൂമി വനംവകുപ്പിന് നൽകി നടപടി സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ഡി.എഫ്.ഒ.യ്ക്ക് പത്തനാപുരം തഹസിൽദാർ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കൂടാതെ മേൽപ്പടിയാളുകൾക്ക് താമസിക്കുന്ന ഭൂമിക്കുപകരം ഇടുക്കി ജില്ലയിലെ കമ്പക്കല്ലിൽ നീക്കി വച്ചിരിക്കുന്ന 8000 ഏക്കറിൽ നിന്നും ഭൂമി നൽകി അവയ്ക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിക്കാവുന്നതാണെന്ന് നേരത്തെ തീരുമാനിച്ചിരുന്നു. ഇ.എഫ്. എൽ. ആക്കിയതോ കമ്പക്കല്ലിൽ നീക്കിവച്ചിരിക്കുന്ന 8000 ഏക്കറിൽ നിന്നോ സാംനഗറിലെ ഭൂമിക്കുപകരം നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ നേരത്തെ തീരുമാനങ്ങൾ കൈകൊണ്ടുവെന്ന് സൂചിപ്പിക്കുകയുണ്ടായി. 27-01-2010-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു യോഗം നടന്നതായി രേഖകളുണ്ട്. അതിനുശേഷം മറ്റ് നടപടികളിലേക്കൊന്നും അന്ന് പോയിരുന്നില്ല എന്നുള്ളതും ഒരു വസ്തുതാപരമായ കാര്യമാണ്.

**<u>പാലക്കാട് നഗരസഭാ മാസ്റ്റർ പ്ലാൻ</u>**

ശ്രീ. ഷാഫി പറമ്പിൽ: സർ, അൽപ്പംമുമ്പ് ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ സബ്മിഷനോടനുബന്ധിച്ച് കേരളത്തിലെ നഗരസഭാ കെട്ടിട നിർമ്മാണചട്ടങ്ങളിൽ മാറ്റം വരുത്തിയതിനെ ഞാൻ പ്രത്യേകം അഭിനന്ദി ക്കാൻ ആഗ്രഹിക്കുകയാണ്. നഗരപ്രദേശങ്ങളിൽ വീട് വയ്ക്കുന്നതും താമസിക്കുന്നതുമൊക്കെ വളരെ ദുഷ്ക്കരമായിരിക്കുന്ന സാഹചര്യത്തിൽ കാലഹരണപ്പെട്ട സംവിധാനങ്ങളെമാറ്റി കാലത്തിനനുസൃതമായ നയപരിപാടി കളുമായി മുന്നോട്ടുവരുന്നതിനെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ആഗ്രഹി ക്കുകയാണ്. പ്രത്യേകിച്ച്, എഫ്.ഐ.ആർ. സംബന്ധിച്ചും ഹൈ-റെയ്സ് ബിൽഡിംഗുകളുടെ വശങ്ങളിൽ സ്ഥലം വിടുന്നതിനെ സംബന്ധിച്ചുമുള്ള കാര്യങ്ങളിൽ. വളരെ ചുരുങ്ങിയ സ്ഥലം മാത്രം അവയിലബലായ നമ്മളെ സംബന്ധിച്ചിടത്തോളം ആ സ്ഥലങ്ങളിൽ പെട്ടെന്ന് ഫ്ളാറ്റും വീടുകളും നിർമ്മിക്കാനുള്ള പെർമിഷൻ കൊടുക്കുക എന്നത് അനിവാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങ് കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചുകൊണ്ട് ഇത്തരം നയപരിപാടികളുമായി മുന്നോട്ടുപോകുമ്പോൾ, എന്റെ നിയോജകമണ്ഡലമായ പാലക്കാടിനെ സംബന്ധിച്ച് വളരെ ഖേദകര മായ ഒരു വാർത്തയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുസംബന്ധിച്ച് ബഹുമാന്യനായ പി.കെ. കുഞ്ഞാലിക്കുട്ടി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഞാൻ ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അവിടെ 2008-നുശേഷം പ്രമാണം ചെയ്ത ഒരു ഭൂമിയിലും വീട് വയ്ക്കാൻ പെർമിഷൻ കൊടുക്കാൻ നിർവ്വാഹമില്ലാതിരിക്കെ, മാസ്റ്റർ പ്ലാൻ ഫൈനലൈ സേഷൻ അംഗീകരിക്കുന്നത് നീണ്ടുപോകുന്നു. 2008-നുശേഷം ഭൂമി വാങ്ങിയ ഒരാൾക്കും കെ.എൽ.യു. ഉണ്ടെങ്കിൽപോലും വീടുവയ്ക്കാൻ

കഴിയുന്നില്ല. ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഞാൻ ഈ നിയമസഭയിൽ 2011 ഒക്ടോബർ മാസത്തിൽ ഒരു സബ്മിഷൻ ഉന്നയിച്ചതിന്, വേണ്ട കക്ഷികളുമായി കൂടിയാലോചനകൾ നടത്തി ഡിസംബർ 31-നുമുമ്പായി അതിൽ തീരുമാനമുണ്ടാക്കിത്തരാമെന്ന് സയിൽ ഉറപ്പുലഭിച്ചിരുന്നു. അതിനുശേഷം അതിന്റെ പ്രൊപ്പോസൽ മുനിസിപ്പാലിറ്റി യിൽ നിന്ന് വരണമെന്നുപറഞ്ഞതിനാൽ, പാർട്ടിവ്യത്യാസമില്ലാതെ ഐക്യകണ്ഠേനെ മുഴുവൻ അംഗങ്ങളും ഒരുമിച്ച് റിസൊലൂഷൻ പാസ്സാക്കി അത് ഗവൺമെന്റിലേക്ക് അയച്ചു. ഗവൺമെന്റ് അത് അനുവദിച്ചുതരാൻ തീരുമാനമെടുക്കുകയും ആ തീരുമാനം പിന്നീട് എൽ.എസ്.ജി.ഡി. വഴി മുനിസിപ്പിലിറ്റിയിലേക്ക് വീണ്ടും പോയി. അവിടെനിന്ന് വീണ്ടും റിസൊലൂഷൻ വേണമെന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വീണ്ടും റിസൊലൂഷൻ എടുത്ത് ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചുകൊടുത്തു. ഇതുസംബന്ധിച്ച് 90 ദിവസം നോട്ടീസിട്ട്, ആർക്കും ആക്ഷേപമില്ലായെന്ന് പറഞ്ഞ് വീണ്ടും ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തു. അതിന്റെ ഫൈനൽ ഗസറ്റ് നോട്ടിഫിക്കേഷന്റെ കരടും തയ്യാറായി. എന്നാൽ ഫൈനൽ നോട്ടിഫിക്കേഷനിറക്കാൻ എന്തിനാണ് ഇത്ര കാലതാമസമെടുക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഫയലുകളെ മെറ്റേണിറ്റി ലീവിൽ പറഞ്ഞയക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടിവരും. നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഗവൺമെന്റ് തീരുമാനമെടുത്തിട്ട് 5-9 മാസം കഴിഞ്ഞിട്ടും ഫയലുകൾ തീരുമാനമാകാതിരിക്കുന്നതിന് ഉത്തരവാദികൾ ആരായാലും കണ്ടുപിടിക്കുകയും തക്കതായ നടപടി ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുണ്ടാവുകയും ചെയ്യണം. അതോടൊപ്പം, പാലക്കാട് നഗരത്തിൽ വീട് വയ്ക്കുന്നതിനുള്ള ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിട ക്കുന്നയവസരത്തിൽ എന്നത്തേക്ക് ഇതിന്റെ ഓർഡർ നൽകാൻ കഴിയു മെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, പാലക്കാട് നഗരസഭാ മാസ്റ്റർ പ്ലാൻ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 236/86/എൽ.എ.ഡി. 20-11-86 പ്രകാരം നിലവിൽ വന്നു. 11-11-2009-ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 210/09/എൽ.എസ്. ജി.ഡി. പ്രകാരം പ്രസ്തുത സ്കീമിലെ സോണിംഗ് റഗുലേഷൻ കാലോചിത മായി പരിഷ്ക്കരിക്കുകയും ചെയ്തു. ഈ ഉത്തരവുപ്രകാരം 25-10-2008-നുമുമ്പ് സ്ഥലം വാങ്ങിയ ഒറ്റ കുടുംബ താമസക്കാർക്ക് പാട ശേഖര മേഖലകളിൽ 200 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാൻ അനുമതിയുണ്ട്. ഈ ആനുകൂല്യം 25-10-2008-നുശേഷം സ്ഥലം വാങ്ങിയവർക്കുകൂടി ലഭ്യമാക്കണമെന്ന ആവശ്യമുയർന്നതിനാൽ, തുടർന്ന് സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 15-05-2012-ലെ സർക്കാർ ഉത്തരവ് 127/12/എൽ.എസ്.ജി.ഡി. പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇതിന്മേലുള്ള നിർദ്ദേശ ങ്ങളും പരാതികളും സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാ ടൗൺ പ്ലാനറെ ചുമതലപ്പെടുത്തിയെങ്കിലും ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളോ പരാതികളോ ലഭിച്ചിട്ടില്ലെന്ന് ജില്ലാ ടൗൺ പ്ലാനർ ചീഫ് ടോൺ പ്ലാനറെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് മാർച്ച് 31-നുമുമ്പ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാ

നുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മാസം 30-നുമുമ്പേ മിക്കവാറും വിജ്ഞാപനം പുറപ്പെടുവിക്കും. അങ്ങേയ്ക്ക് അത് ഹാന്റ് ഓവർ ചെയ്യാം.

**കുണ്ടറ ജലവിതരണ പദ്ധതി**

ശ്രീമതി പി. അയിഷാപോറ്റി: സർ, എന്റെ മണ്ഡലമായ കൊട്ടാരക്കര താലൂക്ക് ഉൾപ്പെടെ നിരവധി പ്രദേശങ്ങളിൽ ആയിരക്കണക്കിന് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതാണ് കുണ്ടറ ജലവിതരണ പദ്ധതി. ഈ പദ്ധതിയിൽപ്പെട്ട പൈപ്പുകൾ അടിക്കടി പൊട്ടി റോഡ് പൊളിയുകയും ജല വിതരണം തടസ്സപ്പെടുകയും ചെയ്തതിന്റെ ഫലമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൈപ്പ് മാറ്റി സ്ഥാപിക്കാൻ കുറേ പണം അനുവദി ച്ചിരുന്നു. ആ പണം ഉപയോഗിച്ചുള്ള പണിയെല്ലാം ഈ അടുത്ത സമയത്ത് തീർന്നിട്ടുണ്ട്. തീർന്നുകഴിഞ്ഞതിനുശേഷമുള്ള 15 കിലോമീറ്ററിലധികം വരുന്ന സ്ഥലത്ത് പഴയ പൈപ്പ് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കടുത്ത ഉണക്കുള്ള സമയത്തുപോലും രണ്ടുമാസം റോഡ് അടച്ചിട്ടാണ് പണി പൂർത്തീകരിച്ചത്. ജലവിതരണം തുടങ്ങിയപ്പോൾ മാറ്റാത്ത പല ഭാഗങ്ങളിലും പൈപ്പ് പൊട്ടിത്തുടങ്ങിയപ്പോൾ വീണ്ടും പ്രയാസകരമായ സ്ഥിതിവിശേഷ മാണ് വന്നിട്ടുള്ളത്. ഈ കാര്യത്തിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട് ബാക്കി ഭാഗത്തുള്ള പൈപ്പുകൾ നല്ല ക്വാളിറ്റിയുള്ള പൈപ്പുകളാക്കി സ്ഥാപിക്കാൻ അടിയന്തരനടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണ മെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കുണ്ടറ ജല വിതരണ പദ്ധതിയിലെ നിലവിൽ നടന്നുവരുന്ന പണികളിൽ പന്ത്രണ്ടായിര ത്തോളം മീറ്റർ നീളം കേടായ 500 മില്ലീമീറ്റർ പ്രീമോ പൈപ്പുകൾ മാറ്റി

പുതിയ ഡെപ്ത് ഐ ലൈൻ പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം ആരംഭിച്ചു കഴിഞ്ഞു. എന്നിരുന്നാലും പദ്ധതി ജലവിതരണം പൂർണ്ണമായി പ്രയോജനപ്പെടാനായി അവശേഷിക്കുന്ന 300 മീറ്റർ 500 മില്ലീമീറ്റർ മുതൽ 350 മില്ലീമീറ്റർ വരെയുള്ള പഴയ എ.സി പ്രീമോ പൈപ്പുകൾ കൂടി അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 14 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. അതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതുവഴി പദ്ധതി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ ശാശ്വത പരിഹാരമാകുന്നതാണ്.

**വൈക്കം നിയോജകമണ്ഡലത്തിലെ ജലവിതരണ പ്ലാന്റുകൾ**

ശ്രീ. കെ. അജിത്: സർ, 02-03-2013-ൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഇറക്കിയ ഒരു ഉത്തരവിന്റെ പ്രശ്നത്തിലാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വൈക്കം നിയോജകമണ്ഡലത്തിലെ 10 പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ള പദ്ധതി 2004-ൽ ആരംഭിക്കുമ്പോൾ ആ പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ എതാണ്ട് 3 ഏക്കറോളം സ്ഥലം വൈക്കം നിയോജക മണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സൗജന്യമായി ജനകീയാസൂത്രണത്തിൽപ്പെടുത്തി കൊടുത്തതാണ്. 2004-നുശേഷം വിവിധ ഘട്ടങ്ങളിലായി പ്ലാന്റ് പൂർത്തീകരിക്കുകയും 2009-ൽ തലയാഴം കുടിവെള്ള പദ്ധതി എന്ന പേരിൽ പുതിയൊരു പദ്ധതി അവിടെ ആരംഭിക്കുകയും ചെയ്തു. ഇവിടെ ഈ വൈക്കം നിയോജക

മണ്ഡലത്തിലെ 10 പഞ്ചായത്തുകൾക്കും കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ആവശ്യമായ പഞ്ചായത്തുകൾക്കും കുടിവെള്ള നിർമ്മാണത്തിനുള്ള സംവിധാനം കമ്മീഷൻ ചെയ്യുകയുണ്ടായി. ഈ പറഞ്ഞ ഓർഡറിൽ വൈക്കം നിയോജകമണഡ്ലത്തിലെ പഞ്ചായത്തിൽ സൗജന്യമായി പ്രവർത്തിക്കുന്ന അതിന്റെ പ്ലാന്റും വെല്ലും മോട്ടോർ പമ്പുകളുമെല്ലാം ആ പദ്ധതിയിൽ നിയന്ത്രണാധികാരങ്ങൾ തൊട്ടടുത്ത മണ്ഡലത്തിലേക്ക് മാറ്റാനുള്ള രാഷ്ട്രീയ ഇടപെടലുണ്ടായിരുന്നു. ഇത് ഞങ്ങളുടെ നാട്ടിലെ രാഷ്ട്രീയ ഭേദമന്യേ എല്ലാവർക്കും ഇതിൽ പ്രതിഷേധമുണ്ടായിരുന്നു. ഇതിൽ യു.ഡി.എഫ്./എൽ.ഡി.എഫ്. ഭേദമന്യേ വൈക്കം നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്ത് പ്രസിഡന്റുമാരും സർവ്വകക്ഷി യോഗം വിളിച്ച് ഞങ്ങൾ ഒരുമിച്ച് കൂടിയാലോചിക്കുകയും ബഹുമാന്യനായ മന്ത്രിയുടെ വീട്ടിൽ പോയി ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. 24-ാം തീയതി ഓഫീസ് മാറ്റത്തിന്റെ ഭാഗമായുള്ള ഉദ്ഘാടനസമ്മേളനം അടുത്ത നിയേജകമണ്ഡലത്തിൽ നടക്കുകയാണ്. അങ്ങനെ ഉണ്ടാകണമെങ്കിൽ മുൻകാല അനുഭവം വച്ച് ഞങ്ങളുടെ മണ്ഡലത്തിലുള്ള പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ വിതരണാധികാര നിയന്ത്രണ നികുതികൾ പിറവം മണ്ഡലത്തിലേക്ക് മാറ്റിയശേഷം ഞങ്ങൾക്ക് ഒരു തുള്ളി വെള്ളം പോലും ലഭ്യമായിരുന്നില്ല. ആ സമാന സാഹസര്യം ഇപ്പോൾ ഉണ്ടാകുകയാണ്. ഇങ്ങനെ ഈ കാര്യത്തിൽ അധിനിവേശമുണ്ടായികഴിഞ്ഞാൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ എം.എൽ.എ. നിരാഹാര സമരം ആരംഭിക്കണമെന്ന് സർവ്വകക്ഷി യോഗം ആലോചിരിക്കുകയാണ്. അതിന് ഹർത്താൽ ഉൾപ്പെടെയുള്ള പ്രതിഷേധപ്രകടനങ്ങൾ ആരംഭിക്കണമെന്നും ഞങ്ങൾ തീരുമാനിച്ചിരിക്കുക

യാണ്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ പുറകോട്ടുപോകുകയും രണ്ട് മണ്ഡലങ്ങളുടേയും അവകാശങ്ങൾ ഒരുപോലെ നിലനിറുത്താനും കുടിവെള്ളം എല്ലാവർക്കും തുല്യമായി ലഭ്യമാക്കണമെന്നും നീതിപൂർവ്വമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ഉണ്ടാകണമെന്നും ഇല്ലെങ്കിൽ പ്രത്യക്ഷ സമരപരിപാടികളുമായി മുന്നോട്ടുപോകാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്.

## വൈക്കം നിയോജകമണ്ഡലത്തിലെ ജലവിതരണ പ്ലാന്റുകൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പൊതുജനങ്ങൾക്ക് വെള്ളക്കരം സംബന്ധിച്ച പരാതികളും പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകളും നൽകാൻ ഒരു സബ്ഡിവിഷൻ പ്രയോജനപ്പെടുമെന്ന് മനസ്സിലാക്കിയതിനാലാണ് പിറവം പ്രോജക്ട് ഡിവിഷനിലെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക പുനർവിന്യസിച്ചത്. വൈക്കം നിയോജകമണ്ഡലത്തിലെ നിലവിലുള്ള സബ്ഡിവിഷന്റെയും പുന:സ്ഥാപിക്കുന്ന കടുത്തുരുത്തി സബ്ഡിവിഷന്റേയും നിയന്ത്രണം മൂവാറ്റുപുഴയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, വെച്ചൂർ, തലയാഴം, ടി.വി. പുരം, മറവൻതുരുത്ത്, ചെമ്പ്, ഉദയനാപുരം പഞ്ചായത്തുകളിലെ നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പ്, ശുദ്ധീകരണ ശാലയിൽനിന്നുള്ള പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ നിയന്ത്രണം, വൈക്കം സബ്ഡിവിഷനും കിടങ്ങൂർ, കാണക്കാരി, കടുത്തുരുത്തി, കല്ലറ, മുളക്കുളം, വെളിയന്നൂർ, ഉഴവൂർ, ഞീഴൂർ, വെള്ളൂർ പദ്ധതികളും; ശുദ്ധീകരണ ശാലയുടെ നടത്തിപ്പ് കടുത്തുരുത്തി സബ്ഡിവിഷനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ശുദ്ധീകരണശാല തുടങ്ങിയ

പൊതുഘടകങ്ങൾക്ക് രണ്ട് സബ്ഡിവിഷനുകളുടേയും നിയന്ത്രണങ്ങൾ അഭികാമ്യമല്ലാത്തതിനാലാണ് ഇപ്പോഴുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അതുസംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

**താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, താനൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഏറെ ജനസാന്ദ്രത കൂടിയ തീരപ്രദേശത്തെ മത്സ്യ ത്തൊഴിലാളികളടക്കമുള്ള സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങ ളുടെ ഏക ആശ്രയമായ ആതുരാലയമാണ്. ദിനംപ്രതി അഞ്ഞൂറിൽപ്പരം രോഗികൾ ചികിത്സക്കായി എത്തുന്നതിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടിക ളുമാണ്. ഓപ്പറേഷൻ തീയറ്ററും മറ്റ് സൗകര്യങ്ങളും നിലവിലുള്ള ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ഒരു പീഡിയാട്രീഷ്യനെയും നിയമിക്കുന്നതിന് മുറവിളി തുടങ്ങിയിട്ട് നാളുകളായി. മത്സ്യത്തൊഴിലാളികളടക്കം പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന തീരപ്രദേശ മെന്ന പ്രത്യേക പരിഗണനവച്ച് ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാകുന്ന ഈ ആവശ്യം പരിഹരിക്കുന്നതിന് താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രിഷ്യന്റെയും തസ്തിക സൃഷ്ടി ക്കാൻ പ്രത്യേകമായ നടപടിയുണ്ടാകണമെന്നാവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 42 കിടക്കക ളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ശരാശരി 350-നും 400-നും ഇടയിൽ ഒ.പി.

യുള്ള ഈ ആശുപത്രിയിൽ അഞ്ച് ഡോക്ടർമാരുടേയും 8 നേഴ്സുമാരുടേയും സേവനം ലഭ്യമാണ്. അനുവദിച്ചിട്ടുള്ള 43 തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം നിലവിലില്ല. താനൂർ സി.എച്ച്.സി.യിൽ നിന്നും പത്ത് കിലോമീറ്റർ അകലെ തിരൂർ ജില്ലാ ആശുപത്രി എല്ലാ സ്പെഷ്യാലിറ്റിയോടുകൂടി പ്രവർത്തിക്കുന്നതിനാൽ താനൂർ സി.എച്ച്.സി.യിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാട്രിഷ്യന്റെയും തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാലും തീരദേശ മേഖലയിൽനിന്നുള്ള ജനങ്ങൾ അവിടെ എത്തിച്ചേരുന്നതുകൊണ്ട് ഇതിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ക്ഷേത്രകലാ അക്കാഡമി

ശ്രീ. റ്റി. വി. രാജേഷ്: എന്റെ നിയോജകമണ്ഡലത്തിലെ മാടായി തിരുവർക്കാട്ട്കാവ് ദേവസ്വംവകസ്ഥലത്ത് ക്ഷേത്രകലകളിൽ പരിശീലനം നൽകുന്നതിന് ക്ഷേത്രകലാ അക്കാഡമി അനുവദിക്കുകയും 2012-13 വർഷത്തെ ബഡ്ജറ്റിൽ അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കാവശ്യമായ 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ സെപ്റ്റംബർ ആദ്യവാരം അക്കാദഡമിയുടെ പ്രവർത്തനം ആരംഭിക്കുമെന്നും അതിന് മുന്നോടിയായി ചെണ്ട, പൂരക്കളി എന്നീ രണ്ട് കോഴ്സുകൾ ആദ്യഘട്ടമെന്ന നിലയിൽ ആരംഭിക്കുമെന്നും ബഹുമാന്യനായ ദേവസ്വം വകുപ്പു മന്ത്രി 25-07-2012-ൽ നിയമസഭയിൽ സബ്മിഷന് മറുപടി നൽകുകയു

ണ്ടായി. എന്നാൽ 7 മാസം പിന്നിട്ടിട്ടും ഇക്കാര്യത്തിൽ യാതൊരുവിധ പുരോഗതിയുമുണ്ടായിട്ടില്ല, കോഴ്സുകൾ ആരംഭിച്ചിട്ടില്ല. ഈ കാര്യങ്ങൾ ബഹുമാന്യനായ മന്ത്രിയെ നേരിൽക്കണ്ട് ധരിപ്പിച്ചിരുന്നതാണ്. തെയ്യങ്ങളുടെയും തിറകളുടെയും ക്ഷേത്രകലകളുടെയും കളിയാട്ടങ്ങളുടെയും ഉത്സവങ്ങളുടെയും നാടായ ഉത്തര മലബാറിനെ സംബന്ധിച്ചിടത്തോളം നിർദ്ദിഷ്ട ക്ഷേത്രകലാ അക്കാഡമി വളരെ അത്യന്താപേക്ഷിതമാണ്. കേരള കലാമണ്ഡലത്തിന്റെ മാതൃകയിൽ ഒരു കല്പിത സർവ്വകലാശാലയാക്കി വളർത്തുകയെന്ന ഉത്തമ കാഴ്ചപ്പാടോടുകൂടി രൂപംകൊണ്ട ഈ അക്കാഡമി എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ കോഴ്സുകൾ ഉടൻ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണെന്നും ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുമെന്നും 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. മലബാറിന്റെ സാംസ്ക്കാരിക തനിമ ഉൾക്കൊള്ളുന്ന പ്രാചീന കലകൾ അഭ്യസിപ്പിക്കുന്നതിനും കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ബഡ്ജറ്റ് പ്രസംഗത്തിൽ ആവശ്യമായ തുക ഉൾക്കൊള്ളിച്ചത്. കണ്ണൂർ ജില്ലയിലെ മാടായി തിരുവർക്കാട്ടുകാവ് ദേവസ്വത്തിന്റെ കൈവശത്തിലുള്ള മാടായിപാറയിൽ ക്ഷേത്രകലാ അക്കാഡമി സ്ഥാപിക്കുന്നതിന് മുൻ മലബാർ ദേവസ്വം ബോർഡ് തീരുമാനിക്കുകയും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ

ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇതിനുള്ള ഭരണാനുമതിക്കുവേണ്ടി 2012 സെപ്റ്റംബറിലാണ് ദേവസ്വം ബോർഡ് സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചത്. ഭരണാനുമതിക്കുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഫണ്ട് ലഭ്യമാക്കാത്തതിനാൽ അക്കാഡമി ആരംഭിക്കുന്നതിനുള്ള അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി അക്കാഡമിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസുകൾ)